# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

2015 ജൂലൈ 15, ബുധൻ

നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--30]**

മറുപടി നൽകുന്ന മന്ത്രിമാർ

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി
ജലവിഭവ വകുപ്പുമന്ത്രി
തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി
പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി

### മെഡിക്കൽ കോളേജ് പ്രവേശനം

*361. ശ്രീ.റ്റി.വി.രാജേഷ്

,, കെ.രാധാകൃഷ്ണൻ

,, ആർ. രാജേഷ്

,, എ. പ്രദീപ്കുമാർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ-സ്വാശ്രയ മേഖലകളിലെ മെഡിക്കൽ കോളേജുകളിൽ ഈ വർഷം എത്ര പേർക്ക് പ്രവേശനം നൽകുവാനാണ് തീരുമാനിച്ചിരുന്നതെന്ന് പറയാമോ ;

(ബി) പുതുതായി പ്രഖ്യാപിച്ച മെഡിക്കൽ കോളേജുകളിൽ ഈ വർഷം പ്രവേശനം നടത്തുവാൻ കഴിയുമോ ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) സ്വാശ്രയ മേഖലയിൽ മെരിറ്റിൽ പ്രവേശനം നടത്തേണ്ട 550 സീറ്റുകളിലും പ്രവേശനത്തിന് മെഡിക്കൽ കൗൺസിലിന്റെ അനുവാദം ലഭിച്ചിട്ടുണ്ടോ ;

(ഡി) സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി സീറ്റുകൾ നഷ്ടപ്പെടാതെ പ്രവേശനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

### അന്യസംസ്ഥാന തൊഴിലാളികൾ

*362. ശ്രീ.സി.ദിവാകരൻ

,, ജി.എസ്.ജയലാൽ

,, കെ.രാജു

,, വി.ശശി **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) കേരളത്തിലെ അന്യസംസ്ഥാന തൊഴിലാളികൾ കൂടുതലും ഏതെല്ലാം സംസ്ഥാനങ്ങളിലുള്ളവരാണെന്ന വ്യക്തമാക്കുമോ;

(ബി) അന്യ സംസ്ഥാന തൊഴിലാളികൾക്ക് തൊഴിൽ കാർഡ് നൽകാറുണ്ടോ; എങ്കിൽ തൊഴിൽ കാർഡും ഫോട്ടോയും ഒറിജിനൽ രേഖകളും പോലീസ് സ്റ്റേഷനിൽ ഹാജരാക്കണമെന്ന വ്യവസ്ഥയുണ്ടോ;

(സി) അന്യ സംസ്ഥാന തൊഴിലാളികളെ ഇറക്കുമതി ചെയ്യുന്നതിന് മാഫിയാ സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സംഘങ്ങൾക്കെതിരെ എന്തു നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ?

## മുല്ലപ്പെരിയാറിൽ പരിസ്ഥിതി ആഘാത പഠനം

*363. ശ്രീ.തോമസ് ചാണ്ടി

,, എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുല്ലപ്പെരിയാറിൽ പുതിയ ഡാം പണിയുന്നതിന്റെ മുന്നോടിയായുള്ള പരിസ്ഥിതി ആഘാത പഠനം നടത്താൻ കേന്ദ്ര സർക്കാരിന്റെ പരിസ്ഥിതി അപ്രൈസൽ സമിതിയുടെ ജൂൺ 4, 2015 ലെ യോഗം അനുമതി നൽകിയിട്ടുണ്ടോ;

(ബി) പരിസ്ഥിതി അപ്രൈസൽ സമിതി ഈക്കാര്യം നിഷേധിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ പരിസ്ഥിതി ആഘാത പഠനം നടത്താൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

## പകർച്ച വ്യാധികൾക്കെതിരെയുള്ള പ്രതിരോധ പ്രവർത്തനങ്ങൾ

*364. ശ്രീ.സി.കൃഷ്ണൻ

ഡോ.ടി.എം.തോമസ് ഐസക്

ശ്രീ.കെ.കെ.നാരായണൻ

,, കെ.കുഞ്ഞിരാമൻ **(ഉദുമ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ച വ്യാധികളും വിവിധതരം പനിയും വ്യാപിക്കുന്നതിന്റെ കാരണം പരിശോധിച്ചിരുന്നോ ; വിശദാംശം അറിയിക്കാമോ ;

(ബി) രോഗപ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഡോക്ടർമാരുടെ ഒഴിവ് നികത്താനും, പ്രത്യേകിച്ച് ഗ്രാമീണമേഖലയിൽ, അടിസ്ഥാന മെഡിക്കൽ സൗകര്യങ്ങൾ ഒരുക്കാനുമായി എന്തൊക്കെ ചെയ്തെന്ന് അറിയിക്കുമോ ;

(സി) രോഗപ്രതിരോധ പ്രവർത്തനങ്ങൾ എത്രത്തോളം ഫലപ്രദമാണെന്ന് പരിശോധിച്ചിട്ടുണ്ടോ ?

## സീപ്ലെയിൻ സർവ്വീസ്

*365. ശ്രീ.വി.എസ്.സുനിൽ കുമാർ

,, പി.തിലോത്തമൻ

,, ഇ.ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സീപ്ലെയിൻ സർവ്വീസ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; എങ്കിൽ എന്ന് മുതലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ആദ്യ ഘട്ടത്തിൽ എവിടെയെല്ലാമാണ് സീപ്ലെയിൻ സർവ്വീസ് നടത്തുന്നത് ;

(സി) പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ടൂറിസം സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിലെ ശിപാർശകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി ആരംഭിക്കുന്നതിനെതിരെയുള്ള മത്സ്യത്തൊഴിലാളികളുടെ പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

<u>വിവിധ പദ്ധതികൾക്കുള്ള കേന്ദ്രസഹായം</u>

*366. ശ്രീമതി.ജമീലാ പ്രകാശം

ശ്രീ.മാത്യു റ്റി.തോമസ്

,, ജോസ് തെറ്റയിൽ

,, സി.കെ.നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തികവർഷം ജലവിഭവ വകുപ്പിന്റെ ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്രസർക്കാരിന്റെ ധനസഹായം ലഭിക്കുവാൻ സാധ്യതയുള്ളത്;

(ബി) ഓരോ പദ്ധതികളുടെയും വിശദവിവരങ്ങൾ നൽകുമോ;

(സി) ഇതിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ എത്ര; വിശദാംശം വ്യക്തമാക്കുമോ ?

<u>കുടിവെള്ള സ്രോതസ്സുകൾ</u>

*367. ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി

,, എം.ഉമ്മർ

,, പി.ബി. അബ്ദുൾ റസാക്

,, പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള സ്രോതസ്സുകൾ മലിനമാകാതിരിക്കാൻ സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പുറപ്പെടുവിക്കാനിടയാക്കിയ സാഹചര്യം വിശദമാക്കുമോ;

(ബി) ഏതൊക്കെ വകുപ്പുകൾക്കും ഏജൻസികൾക്കുമാണ് ഇതു സംബന്ധിച്ച നിർദ്ദേശം

നൽകിയിട്ടുള്ളത്;

(സി) ഉത്തരവിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും മോണിറ്ററിംഗിനുമായി എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഏജ് ഹാൾട്ട് പദ്ധതി</u>

*368. ശ്രീ.വി.പി.സജീന്ദ്രൻ

,, ബെന്നി ബെഹനാൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.ടി.ഡി.സി ഏജ് ഹാൾട്ട് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) വിദേശ ടൂറിസ്റ്റുകൾക്ക് ആയുർവ്വേദ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;

(ഡി) ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ?

<u>മഴവെള്ള സംഭരണം -ഭൂജലപരിപോഷണം പദ്ധതി</u>

*369. ശ്രീ.എ.റ്റി.ജോർജ്

,, വി.റ്റി.ബൽറാം

,, ആർ . സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മഴവെള്ള സംഭരണം - ഭൂജലപരിപോഷണം പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഏത് കേന്ദ്ര ഏജൻസിയാണ് പദ്ധതിയുടെ നടത്തിപ്പിന് നേതൃത്വം നൽകുന്നത് ;

(ഡി) പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

<u>വിവിധതരം പനികൾ</u>

*370. ശ്രീ.കോടിയേരി ബാലകൃഷ്ണൻ

,, ബി.ഡി. ദേവസ്സി

ഡോ.കെ.ടി.ജലീൽ

ശ്രീമതി.പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ആയിരക്കണക്കിന് ആളുകളുടെ മരണത്തിന് കാരണമായ കാലാ അസർ എന്ന മാരക പനി സംസ്ഥാനത്ത് സ്ഥിരീകരിച്ചതിന്റെ പശ്ചാത്തലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ചെള്ളുപനി, ഡെങ്കിപ്പനി തുടങ്ങിയ രോഗങ്ങളും വ്യാപിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിരുന്നോ ;

(സി) വിവിധതരം മാരക പനികൾക്കെതിരെയുള്ള നടപടികൾ ഫലപ്രദമാകാത്തതിന്റെ കാരണങ്ങൾ പരിശോധിച്ചിരുന്നോ; എങ്കിൽ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ഡി) ചികിത്സയ്ക്കും പ്രതിരോധത്തിനുമായി ഏർപ്പെടുത്തിയ അധിക സൗകര്യങ്ങൾ അറിയിക്കുമോ;

(ഇ) മാലിന്യ നിർമാർജ്ജനത്തിൽ വരുത്തിയ വീഴ്ചയാണ് വിവിധ തരം പകർച്ചപ്പനിയുടെ വ്യാപനത്തിന് കാരണമെന്ന് മനസ്സിലാക്കിയിട്ടുണ്ടോ; എങ്കിൽ പ്രശ്നപരിഹാരത്തിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

## നദീസംയോജന പദ്ധതികൾ

*371. ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി

,, സി.പി.മുഹമ്മദ്

,, കെ.ശിവദാസൻ നായർ

,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട മലനിരകളുടെ തളർച്ചയ്ക്കും പരിസ്ഥിതിക്ക് ദോഷം വരുത്തുന്നതും ശുദ്ധജല ദൗർലഭ്യത്തിന് കാരണമാകുന്നതുമായ നദീസംയോജന പദ്ധതി കേരളത്തിൽ നടപ്പിൽ വരുത്താതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) കേരളത്തിലെ ഏതെല്ലാം നദികളെ പദ്ധതിയിൽ ഉൾപ്പെടുത്താനാണ് കേന്ദ്ര ജല വിഭവവകുപ്പ് നടപടി തുടങ്ങിയിട്ടുള്ളത്;

(സി) നദീസംയോജനം സംബന്ധിച്ച് ഏതെല്ലാം വിധത്തിലുള്ള പഠനങ്ങളാണ് ഇതുവരെ നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതി

*372. ശ്രീ.പി.ഉബൈദുള്ള

,, അബ്ദുറഹിമാൻ രണ്ടത്താണി

,, പി.ബി. അബ്ദുൾ റസാക്

,, എം.ഉമ്മർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിയേറ്റ തൊഴിലാളികൾക്കായി ഏർപ്പെടുത്തിയ കുടിയേറ്റ തൊഴിലാളി ക്ഷേമനിധി പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ കണ്ടെത്തലുകൾ സംബന്ധിച്ച് വിശദമാക്കുമോ ;

(ബി) സംസ്ഥാനത്ത് തൊഴിലെടുക്കുന്ന കുടിയേറ്റ തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച

വിവരശേഖരണം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) കുടിയേറ്റ തൊഴിലാളികൾ ബഹുഭൂരിപക്ഷവും പദ്ധതിയിൽ അംഗത്വമെടുത്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങളെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ആനുകൂല്യങ്ങൾ കൂടുതൽ ആകർഷകമാക്കി, പ്രചാരണം നൽകി, എല്ലാ തൊഴിലാളികളെയും പദ്ധതിയിൻ കീഴിൽ കൊണ്ടുവന്ന് അവരെ സംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും സുരക്ഷ ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കുമോ ?

കാൻസർ രോഗചികിത്സാ വിപുലീകരണം

*373. ശ്രീ.സി.മമ്മൂട്ടി

,, എൻ .എ.നെല്ലിക്കുന്ന്

,, വി.എം.ഉമ്മർ മാസ്റ്റർ

,, കെ.എൻ.എ.ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന കാൻസർ രോഗബാധ നേരിടാൻ മെഡിക്കൽ കോളേജുകളിൽ മിനി റീജ്യണൽ കാൻസർ സെന്ററുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) കാൻസർ രോഗചികിത്സയിൽ ആയുർവ്വേദം, ഹോമിയോ, സിദ്ധ, ആൾട്ടർനേറ്റീവ് മെഡിസിൻ എന്നീ വിഭാഗങ്ങൾക്ക് നിർണ്ണായക പങ്കുവഹിക്കാൻ സാധിക്കുമെന്നത് പരിഗണിച്ച് എല്ലാ വിഭാഗത്തിലെയും വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ഗവേഷണവും സംയുക്ത ചികിത്സാ രീതികളും പ്രാവർത്തികമാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം

*374. ശ്രീമതി.ഇ.എസ്.ബിജിമോൾ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടം തൊഴിലാളികളുടെ വേതന പരിഷ്കരണം എത്ര വർഷം കൂടുമ്പോഴാണ് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) അവസാനമായി വേതനം പുതുക്കി നൽകിയത് എന്നാണ് ;

(സി) വേതന പരിഷ്കരണം നടപ്പിലാക്കുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) പുതിയ വേതന പരിഷ്കരണം എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ ?

നേഴ്സ്മാരുടെ റിക്രൂട്ടിംഗ്

*375. ശ്രീ.ഷാഫി പറമ്പിൽ

,, അൻവർ സാദത്ത്

,, വർക്കല കഹാർ

,, പി.എ.മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശത്ത് ജോലി ചെയ്യാൻ ഉദ്ദേശിക്കുന്ന നേഴ്സ്മാരുടെ റിക്രൂട്ട്മെന്റ് സംസ്ഥാന സർക്കാരിന്റെ റിക്രൂട്ടിംഗ് എജൻസി വഴി മാത്രമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഏത് റിക്രൂട്ടിംഗ് ഏജൻസി വഴിയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) എന്തെല്ലാം ഗുണങ്ങളും സൗകര്യങ്ങളുമാണ് ഇത് വഴി നേഴ്സ്മാർക്ക് ലഭിക്കുന്നത് ?

<u>അലോപ്പതി മരുന്നുകളുടെ ഗുണനിലവാര പരിശോധന</u>

*376. ശ്രീ.സാജു പോൾ

,, എം.എ.ബേബി

പ്രൊഫ. സി.രവീന്ദ്രനാഥ്

ശ്രീമതി.കെ.കെ.ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അലോപ്പതി മരുന്നുകളുടെ ഗുണനിലവാര പരിശോധനയ്ക്ക് എവിടെയൊക്കെ സൗകര്യമുണ്ടെന്നും അത് പര്യാപ്തമാണോയെന്നും അറിയിക്കാമോ ;

(ബി) മെഡിക്കൽ സ്റ്റോറുകളിലൂടെ പരിശോധന കൂടാതെ മരുന്നുകൾ വിറ്റഴിക്കാൻ അനുവദിച്ച ശേഷം അവയുടെ സാമ്പിൾ പരിശോധിച്ച് പ്രതികൂലമായിട്ടുള്ള പരിശോധനാഫലം പത്രദ്വാരാ അറിയിക്കുന്നതു മൂലം ആ പ്രത്യേക ബാച്ചിലെ എത്ര ശതമാനം മരുന്നുകൾ തിരികെ എത്തുന്നുവെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിവരം ലഭ്യമാക്കാമോ ;

(സി) ഇപ്പോഴത്തെ സംവിധാനത്തിനു പകരം സംസ്ഥാനത്ത് വിൽക്കാൻ ഉദ്ദേശിക്കുന്ന ഓരോ ബാച്ച് മരുന്നും എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ലബോറട്ടറികളിൽ പരിശോധിച്ച് സാക്ഷ്യപത്രം ഹാജരാക്കിയാൽ മാത്രം മൊത്തവിതരണ വ്യാപാരികൾ വഴി വിതരണം ചെയ്യാൻ അനുമതി നൽകുന്ന രീതി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

<u>അരിയിൽ മായം</u>

*377. ശ്രീ.സി.പി.മുഹമ്മദ്

,, കെ.അച്ചുതൻ

,, ജോസഫ് വാഴയ്ക്കൻ

,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരിയിൽ മായം കലർത്തി വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്തെല്ലാം വസ്തുക്കളാണ് മായം ചേർക്കുവാനായി ഉപയോഗിച്ചിട്ടുള്ളതെന്ന്

കണ്ടെത്തിയിട്ടുണ്ടോ ;

(സി) അരിയിൽ മായം ചേർക്കുന്നത് തടയാൻ എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ</u>

*378. ശ്രീ.ജി.സുധാകരൻ

,, സി.കെ സദാശിവൻ

,, കെ. ദാസൻ

,, കെ.വി.അബ്ദുൾ ഖാദർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം കേന്ദ്രസഹായത്തോടെയും അല്ലാതെയും നടത്തിയ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ അറിയിക്കാമോ ;

(ബി) കാലവർഷം ശക്തിപ്രാപിച്ചതോടെ സംസ്ഥാന തീരം വ്യാപകമായി കടലാക്രമണക്കെടുതിയിലായത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇത് പ്രതിരോധിക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) നിലവിലുണ്ടായിരുന്ന കടൽ ഭിത്തി തകർന്നുപോയിടത്തും, കടുത്ത കടലാക്രമണ ഭീഷണിയുള്ള മറ്റു സ്ഥലങ്ങളിലും കടൽഭിത്തി നിർമ്മിക്കാൻ തയ്യാറാകുമോ ?

<u>മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട്</u>

*379. ശ്രീ.കെ.കെ.ജയചന്ദ്രൻ

,, എം.എ.ബേബി

,, രാജു എബ്രഹാം

,, കെ.സുരേഷ് കുറുപ്പ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കുന്നതിനായി ചെയ്ത കാര്യങ്ങൾ അറിയിക്കാമോ ;

(ബി) തമിഴ് നാട് സുപ്രീംകോടതിയിൽ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങൾ എന്തൊക്കെയാണ് ;

(സി) ജനങ്ങളുടെ സുരക്ഷ ഉറപ്പാക്കാനായി തമിഴ് നാടിന്റെ താല്പര്യത്തിന് വിഘാതമാകാതെ പഴയ അണക്കെട്ട് നിലനിർത്തിക്കൊണ്ടു പുതിയത് നിർമ്മിക്കാനുള്ള അനുമതി തേടുന്നതിനുവേണ്ട നിയമനടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ;

(ഡി) മുൻകാല അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ സംസ്ഥാന താല്പര്യം സംരക്ഷിക്കാൻ കഴിവും താല്പര്യവുമുള്ള ഉദ്യോഗസ്ഥരെയും വക്കീൽമാരെയും ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ അവർ ആരൊക്കെയെന്ന് വെളിപ്പെടുത്താമോ ;

(ഇ) പുതിയ അണക്കെട്ടിന് അനുമതി നൽകുന്ന കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ നിലപാട് എന്തെന്നും അതിന് ഉന്നയിക്കുന്ന കാരണവും അറിയിക്കുമോ ; സംസ്ഥാന സർക്കാർ

ഇക്കാര്യത്തിൽ കേന്ദ്രസർക്കാരുമായി ചർച്ച നടത്തിയിരുന്നോ ; വിശദവിവരം നൽകാമോ ; കേന്ദ്ര സർക്കാർ ഈ പ്രശ്നം ഏറ്റെടുത്തിട്ടില്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ ?

ജലമണി പദ്ധതി

*380. ശ്രീ.എം.പി.വിൻസെന്റ്

,, കെ.ശിവദാസൻ നായർ

,, എം.എ. വാഹീദ്

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സർക്കാർ സ്കൂളുകളിലെ കുട്ടികൾക്ക് കുടിവെള്ളം ലഭ്യമാക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ജലമണി പദ്ധതി കേരളത്തിൽ നടപ്പാക്കിയിട്ടുണ്ടോ;

(ബി) ഈ പദ്ധതി എത്ര ഘട്ടം പൂർത്തിയായി; എത്ര സ്കൂളുകളിൽ നടപ്പാക്കി; വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതി നടപ്പാക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

പട്ടികജാതിവിഭാഗങ്ങൾക്ക് അനുവദിച്ച വീടുകൾ

*381. ശ്രീ.ബി.സത്യൻ

,, എ.കെ.ബാലൻ

,, പുരുഷൻ കടലുണ്ടി

,, പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടില്ലാത്ത പട്ടികജാതി വിഭാഗങ്ങൾക്ക് 2014-15 വർഷം അനുവദിച്ച 4500 വീടുകളിൽ കേവലം 15% (689 വീടുകൾ) മാത്രം പൂർത്തീകരിക്കാൻ സാധിച്ചതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ ;

(ബി) മുൻവർഷങ്ങളിൽ അനുവദിച്ച വീടുകളിലും പകുതിയോളം ഇതുവരെ പൂർത്തിയാകാത്തത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ഗുരുതരമായ ഈ പ്രതിസന്ധി പരിഹരിക്കാൻ അധിക ധനസഹായം അനുവദിക്കാനോ, കെട്ടിട നിർമ്മാണ സാമഗ്രികൾ സബ് സിഡിയോടു കൂടി വിതരണം ചെയ്യാനോ തയ്യാറാകുമോ ?

മഴവെള്ള സംഭരണി നിർമ്മാണം

*382. ശ്രീ.ടി.എൻ. പ്രതാപൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, എ.പി.അബ്ദുള്ളക്കുട്ടി

,, അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകൾക്ക് മഴവെള്ള സംഭരണി നിർമ്മാണത്തിന് ധനസഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ജലസേചന വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എന്തെല്ലാം ധനസഹായമാണ് ഇത് വഴി നൽകി വരുന്നത്;

(സി) എന്തെല്ലാം കേന്ദ്രസഹായമാണ് ഇതിന് ലഭിക്കുന്നതെന്നും പഞ്ചായത്തുകൾക്കുള്ള ധനസഹായത്തിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതി

*383. ശ്രീ.ബെന്നി ബെഹനാൻ

,, എം.പി.വിൻസെൻറ്

,, എ.റ്റി.ജോർജ്

,, ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബാക്ക് വാട്ടർ മെഗാ ടൂറിസം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൻ കീഴിൽ ഒരുക്കിയിട്ടുള്ളത് ;

(ഡി) അനുയോജ്യമായ എല്ലാ സ്ഥലങ്ങളിലേക്കും പ്രസ്തുത പദ്ധതി വ്യാപിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം നൽകുമോ ?

**108** ആംബുലൻസ് സർവ്വീസ്

*384. ശ്രീ.എം.വി.ശ്രേയാംസ് കുമാർ

,, റോഷി അഗസ്റ്റിൻ

ഡോ.എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ 108 ആംബുലൻസ് സർവ്വീസ് സർക്കാർ ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) നിലവിൽ ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; പദ്ധതി തുടരുന്നതിനായി അവർ മുന്നോട്ടുവെച്ചിട്ടുള്ള ആവശ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാത്തെ എല്ലാ ജില്ലകളിലേക്കും 108 ആംബുലൻസ് സർവ്വീസ് പദ്ധതി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

പേവിഷ വാക്സിൻ

*385. ശ്രീമതി.പി. അയിഷാ പോറ്റി

ശ്രീ.കെ.രാധാകൃഷ്ണൻ

,, സാജു പോൾ

,, റ്റി.വി.രാജേഷ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പേവിഷ ബാധ ഏൽക്കുന്നവരുടെ എണ്ണം വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പേവിഷ വാക്സിന്റെ അഭാവംമൂലം സർക്കാർ ആശുപത്രിയിലെത്തുന്ന ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ വിലയിരുത്തിയിട്ടുണ്ടോ ;

(സി) പേവിഷ വാക്സിൻ പര്യാപ്തമായ അളവിൽ ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

പ്ലാച്ചിമട ട്രൈബ്യൂണൽ

*386. ശ്രീമതി.കെ.എസ്.സലീഖ

ശ്രീ.എം.ചന്ദ്രൻ

,, വി.ചെന്താമരാക്ഷൻ

,, കെ.വി.വിജയദാസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊക്കകോള കമ്പനിയുടെ ജലചൂഷണം മൂലം ദുരിതം നേരിട്ടവർക്ക് നഷ്ടപരിഹാരം നൽകുന്നതിന് ട്രൈബ്യൂണൽ രൂപീകരിക്കാൻ മുൻ സർക്കാരിന്റെ കാലത്ത് നിയമസഭ പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി സമർപ്പിച്ച ബില്ലിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത ബില്ലിനെക്കുറിച്ച് രാഷ്ട്രപതി വിശദീകരണം ആവശ്യപ്പെടുകയോ ബിൽ മടക്കി അയയ്ക്കുകയോ ചെയ്തിട്ടുണ്ടോ;

(സി) പ്രസ്തുത ബില്ലിന് അംഗീകാരം നേടിയെടുക്കുന്നതിനായി ഈ സർക്കാർ ശ്രമിച്ചിട്ടുണ്ടോ ;ഇനി എന്തു ചെയ്യാൻ ഉദ്ദേശിക്കുന്നു ; വിശദമാക്കാമോ?

ആഹാരപദാർത്ഥങ്ങളിലെ മായം

*387. ശ്രീ.എ.എം. ആരിഫ്

,, ഇ.പി.ജയരാജൻ

,, കെ.കുഞ്ഞിരാമൻ **(**തൃക്കരിപ്പൂർ**)**

,, എം. ഹംസ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി, പഴം, പാൽ, എണ്ണ തുടങ്ങിയ ആഹാരപദാർത്ഥങ്ങളിലെല്ലാം അപകടകരമായ തോതിൽ മായം ചേർക്കുന്നത് വ്യാപകമായി വരുന്നതിന്റെ കാരണം പരിശോധിച്ചിരുന്നോ ;

(ബി) കുറ്റക്കാർക്കെതിരെ മാതൃകാപരമായ ശിക്ഷാനടപടികൽ സ്വീകരിക്കുവാൻ ഭക്ഷ്യസുരക്ഷാ വകുപ്പ് തയ്യാറാകുമോ ;

(സി) സംസ്ഥാനത്ത് ആവശ്യത്തിന് ഭക്ഷ്യ ഗുണനിലവാര പരിശോധനാ ലാബുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ; മനുഷ്യാവകാശ കമ്മീഷൻ നൽകിയ നിർദ്ദേശം പാലിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

## <u>ദന്ത ചികിൽസാ സൗകര്യങ്ങൾ</u>

*388. ശ്രീ.ഹൈബി ഈഡൻ

,, ഡൊമിനിക് പ്രസന്റേഷൻ

,, തേറമ്പിൽ രാമകൃഷ്ണൻ

,, പി.സി വിഷ്ണുനാഥ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദന്ത ചികിൽസാ സൗകര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) സർക്കാർ മേഖലയിൽ എത്ര ഡെന്റൽ കോളേജുകൾ പ്രവർത്തിക്കുന്നുണ്ട് ;

(സി) പുതുതായി ഡെന്റൽ കോളേജുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ എവിടെയെല്ലാം ?

## <u>നഴ്സിംഗ് വിദ്യാഭ്യാസ നവീകരണം</u>

*389. ശ്രീ.കെ.മുരളീധരൻ

,, ലൂഡി ലൂയിസ്

,, വി.ഡി.സതീശൻ

,, എം.പി.വിൻസെന്റ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഴ്സിംഗ് വിദ്യാഭ്യാസം നവീകരിക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട് ;

(ബി) കേരളത്തിൽ നിന്നുള്ള നഴ്സുമാർ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ജോലി തേടി പോകുന്നത് കണക്കിലെടുത്ത് നഴ്സിംഗ് വിദ്യാഭ്യാസം ആധുനികവൽക്കരിക്കുന്നതിനും മത്സരക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) വൈദ്യ രംഗത്തെ വെല്ലുവിളികൾ നേരിടുവാൻ നഴ്സിംഗ് മേഖലയെ സജ്ജമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കുമോ ?

## <u>വിനോദ സഞ്ചാര ദിശാബോർഡുകൾ</u>

*390. ശ്രീ.വി.റ്റി.ബല്‍റാം

,, സണ്ണി ജോസഫ്

,, ഡൊമിനിക് പ്രസന്റേഷന്‍

,, വര്‍ക്കല കഹാര്‍ **:** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് സഞ്ചാരികള്‍ക്ക് വ്യക്തമായ ദിശ അറിയിക്കുന്നതിന് പാതയോരങ്ങളില്‍ ആധുനിക രീതിയിലുള്ള ദിശാബോര്‍ഡുകള്‍ സ്ഥാപിക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും പ്രവര്‍ത്തനങ്ങളും വിശദമാക്കുമോ ;

(സി) എന്തെല്ലാം വിവരങ്ങളാണ് ദിശാബോര്‍ഡുകളില്‍ ഉള്‍പ്പെടുത്താന്‍ ഉദ്ദേശിക്കുന്നത് ;

(ഡി) ആരെല്ലാമാണ് പദ്ധതിയുടെ നടത്തിപ്പിനായി സഹകരിക്കുന്നത് ; വിശദാംശങ്ങള്‍ എന്തെല്ലാം ?

കേരള നിയമസഭാ
സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
07-07-2015

പി.ഡി.ശാരംഗധരന്‍,
സെക്രട്ടറി.

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയില്‍ ഉന്നയിക്കുന്നതിന്‍റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].